## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 474

07.01.2014 ൽ മറുപടിയ്ക്ക്

# ആശ്വാസ് 2012 പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. സി.പി.മുഹമ്മദ് | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ മേഖലയിൽ ആശ്വാസ് 2012 പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2012 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ സഹകരണ മേഖലയിൽ ആശ്വാസ് 2012 കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികക്കാരായ സഹകാരികളെ ഋണബാധ്യതയിൽ നിന്നും മോചിപ്പിക്കുന്നതിനായി "കുടിശ്ശികയില്ലാത്ത വായ്പാ സഹകരണ സംഘങ്ങൾ" എന്ന ലക്ഷ്യം മുൻ നിർത്തിയാണ് ആശ്വാസ് 2012 പദ്ധതി നടപ്പിലാക്കിയത്. |
| (സി) | പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത്; വിശദമാക്കുമോ; | (സി) 10 ലക്ഷം രൂപ വരെയുള്ള കുടിശ്ശികയായ വായ്പകൾ, വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ ഇപ്പോൾ നിലവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം മുതലിൽ അധികരിക്കാത്ത പലിശ തുകയും മുതലും അടച്ച്, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കി ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസുകൾ സംഘം അടച്ചിട്ടുണ്ടെങ്കിൽ ആയതും ഒടുക്കി വായ്പാക്കണക്ക് അവസാനിപ്പിക്കുന്നതിനും കൂടാതെ |

10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പയെടുക്കുമ്പോൾ ഉണ്ടായിരുന്ന പലിശ നിരക്കോ ഇപ്പോൾ നിലവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം മുതലിൽ അധികരിക്കാത്ത പലിശയും, ടി പലിശ തുകയുടെ 5% ൽ അധികരിക്കാത്ത എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും മുതലിനൊപ്പം അടച്ച്, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കി ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസുകൾ സംഘം അടച്ചിട്ടുണ്ടെങ്കിൽ ആയതും ഒടുക്കി വായ്പാക്കണക്ക് അവസാനിപ്പിക്കുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

ടി പദ്ധതി നടപ്പിലാക്കിയത് മുഖേന 199561.37 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുന്നതിനും 5348.83 ലക്ഷം രൂപയുടെ ആനുകൂല്യം കുടിശ്ശികക്കാർക്ക് ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേരളത്തിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, ഭവന സഹകരണ സംഘങ്ങൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, ഇതര പലവക സഹകരണ സംഘങ്ങൾ എന്നിവ ആശ്വാസ് 2012 പദ്ധതി നടപ്പിലാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ